"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/179/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-07-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - KSEB, KWA, GWD എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് പ്രവർത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:-
1. 09/03/2022ലെ ഡിഎ1/64/2022/തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.06.2022 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.8

**********************

KSEB ലൈൻ നീട്ടുന്നതിനും തെരുവുവിളക്ക് സ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. എന്നാൽ ഇതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്ന വേളയിൽ ചിലപ്പോൾ വില അധികരിക്കാറുണ്ട്. ഇത് മൂലം ഡെപ്പോസിറ്റ് ചെയ്ത തുക തികയാതെ വരികയും ഇതു പ്രോജക്ട നിർവ്വഹണത്തെ ബാധിക്കുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്. ഇതൊഴിവാക്കാൻ KSEBL, KWA, GWD എന്നിവ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രോജക്ടിന് വേണ്ട ഫണ്ട് കൃത്യമായി തിട്ടപ്പെടുത്തി കൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. പ്രോജക്ടുകൾ അതതു വർഷം തന്നെ പൂർത്തിയാക്കുന്നതിന് ഈ നിർദ്ദേശം തദ്ദേശഭരണസ്ഥാപനങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്. വർഷാവസാനം ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി ഒഴിവാക്കേണ്ടതുമാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന എലെക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
ഡയറക്ടർ, ഭൂജല വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 11-07-2022 11:14:47**

സെക്ഷൻ ഓഫീസർ.